സാമ്പത്തിക വർഷം 115 കോടി രൂപ അനുവദിച്ചിരുന്നു. ഇതിൽ വരുമാന പദ്ധതിയായി QRG പദ്ധതി മാത്രമാണ് വരുന്നത്. പ്രസ്തുതപദ്ധതി നടപ്പാക്കാൻ മൃഗസംരക്ഷണ വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം 5 പട്ടികജാതി വനിതകൾ ഉൾപ്പെടുന്ന 100 സ്വയംസഹായ സംഘങ്ങളിലെ 500 പട്ടികജാതി വനിതകൾക്ക് രണ്ട് ആട് വാങ്ങുന്നതിന് 10,000 രൂപയും ആട്ടിൻകൂട് നിർമ്മിക്കുന്നതിന് 2000 രൂപയും ചേർത്ത് ആകെ 12,000 രൂപ നൽകാൻ വിഭാവനം ചെയ്തിട്ടുള്ളതാണ്.

(ബി) QRG പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പ് ടി പദ്ധതി കോട്ടയം, എറണാകുളം ജില്ലകളിലാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതുപ്രകാരം 5 പട്ടികജാതി വനിതകൾ ഉൾപ്പെടുന്ന 50 സ്വയം സഹായ സംഘങ്ങളുടെ ലിസ്റ്റ് കോട്ടയം, എറണാകുളം ജില്ലകളിൽനിന്ന് മൃഗസംരക്ഷണ വകുപ്പിന് കൈമാറിയിട്ടുണ്ട്.

(സി) പദ്ധതിക്കായി 60 ലക്ഷം രൂപ മൃഗസംരക്ഷണ വകുപ്പിന് കൈമാറി യിട്ടുണ്ട്. പദ്ധതി പൂർത്തിയായിട്ടില്ല. പൂർത്തിയാകുന്ന മുറയ്ക്ക് പട്ടികജാതി സമൂഹത്തിന് ലഭ്യമായ പ്രയോജനം പരിശോധിച്ച് വിലയിരുത്തുന്നതാണ്.

പട്ടികജാതിക്കാരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് പദ്ധതി

170 (8230) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പട്ടികജാതിക്കാരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത വിഭാഗത്തിലെ എത്രപേർ വായ്പ എടുത്തിട്ടുണ്ട് വായ്പ എഴുതിത്തള്ളുന്നത് സംബന്ധമായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യവകുപ്പ്, സഹകരണ സ്ഥാപനങ്ങൾ, കേരള ഖാദി-ഗ്രാമ വ്യവസായ ബോർഡ് എന്നിവയിൽനിന്ന് എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ 50,000 രൂപവരെയുള്ള വായ്പ 12-11-2009-ലെ ജി.ഒ.(പി) നമ്പർ 100/09/പ. ജ. പ. വ. വി. വ. ഉത്തരവിൽ പ്രതിപാദിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി എഴുതിത്തള്ളുന്നതിന് 10-12-2013-ലെ സ.ഉ.(അച്ചടി) നമ്പർ 99/2013/പ.ജ.വി.പ.വ. ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. കൂടാതെ, പട്ടികജാതി വിഭാഗക്കാർ പട്ടികജാതി വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും എടുത്തിട്ടുള്ളതും 31-3-2010-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ 1,00,000 രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള ഒരു പുതിയ പദ്ധതി പരിഗണനയിലുണ്ട്.

പട്ടികജാതി സങ്കേതങ്ങൾ പദ്ധതി

171 (8231) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പട്ടികജാതി സാങ്കേതങ്ങൾ പദ്ധതിയിൽ എത്ര പട്ടികജാതി കോളനികളെവീതം ഓരോവർഷവും ഏറ്റെടുത്തിട്ടുണ്ടെന്നും ഇതിൽ എത്ര കോളനികളിൽ പദ്ധതി പൂർണ്ണമായിട്ടുണ്ടെന്നും വിശദമാക്കുമോ ;

(ബി) പട്ടികജാതി സങ്കേതങ്ങളിൽ നടപ്പാക്കുന്ന വ്യക്തിഗതക്ഷേമ പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(സി) പട്ടികജാതി സങ്കേതങ്ങളെ തെരഞ്ഞെടുക്കുന്നത് ഏതു വർഷം നടത്തിയ പട്ടികജാതി കോളനികളുടെ കണക്കെടുപ്പിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2012-13-ൽ 120-ഉം 2013-14-ൽ 102-ഉം കോളനികളാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

2012-13 സാമ്പത്തിക വർഷം തെരഞ്ഞെടുത്ത കൊല്ലം ജില്ലയിലെ നിലയ്ക്കൽ കോളനിയിൽ പദ്ധതി പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന കോളനികളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.